"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കേരള കോമൺ പൂൾ ലൈബ്രറി സർവ്വീസ് - ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള നാല് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(കൈ) നം.151/2026/HEDN തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 31/12/2025 തീയതിയിലെ RIC(3) 1075010/24-KPSC നമ്പർ കത്ത്.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പരാമർശ കത്ത് പ്രകാരം നിയമന ശിപാർശ ചെയ്തിരിക്കുന്ന ചുവടെ ചേർത്തിട്ടുള്ള നാല് ഉദ്യോഗാർത്ഥികളെ കേരള കോമൺപൂൾ ലൈബ്രറി സർവീസിൽ അവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ Rs.31,100-66,800/- രൂപ ശമ്പള സ്കെയിലിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ പൊതുചട്ടം 9(a)(i) 10(b), (3)(c) എന്നിവയ്ക്ക് വിധേയമായി താൽകാലികമായി നിയമിച്ച് ഉത്തരവാകുന്നു.

2) പ്രസ്തുത ഉദ്യോഗാർത്ഥികൾ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി സർട്ടിഫിക്കറ്റ് (നിയമന ഉത്തരവിൽ ജാതി പരാമർശിക്കുന്നുണ്ടെങ്കിൽ മാത്രം) എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, അസ്സൽ വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, കേരള പബ്ലിക് സർവ്വീസ് റൂൾസ് പാർട്ട് 1 , ചട്ടം 1 3 പ്രകാരവും 30/06/2011 തീയതിയിലെ സ.ഉ.(പി) നം.20/2011/ഉ.ഭ.പ.വ ഉത്തരവ് പ്രകാരവും സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ ഒപ്പുവച്ച വിരലടയാളം ഉള്ളതും പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ചതുമായ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സംസ്ഥാന സർക്കാർ സർവ്വീസിലുള്ള ഗസറ്റഡ് ഓഫീസർ മുറപ്രകാരം സാക്ഷ്യപ്പെടുത്തിയ മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ, ഗസറ്റഡ് ഓഫീസർ നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് (26/07/2013-ലെ സർക്കുലർ നം. 12521/എവിസി VI(3)/13/ഉഭപവ പ്രകാരം) എന്നിവ സഹിതം സ്ഥാപന മേധാവി മുൻപാകെ ഹാജരാക്കേണ്ടതാണ്. ആധാർ കാർഡ് ലഭിച്ചിട്ടില്ലെങ്കിൽ വോട്ടർ ഐഡന്റിറ്റി കാർഡോ, പാൻ കാർഡോ ഹാജരാക്കേണ്ടതാണ്. നിലവിൽ ഏതെങ്കിലും സർക്കാർ സർവ്വീസിലോ/പൊതുമേഖലാ സ്ഥാപനത്തിലോ ജോലി ചെയ്യുന്നവർ ബന്ധപ്പെട്ട വകുപ്പ് /സ്ഥാപനത്തിൽ നിന്നുമുള്ള വിടുതൽ ഉത്തരവ് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നതല്ല. മേൽ പരാമർശിച്ച രേഖകൾ സഹിതം ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം സ്ഥാപനമേധാവി മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതും അപ്രകാരം പ്രവേശിക്കാത്തപക്ഷം നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതുമാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഉദ്യോഗാർത്ഥിയുടെ പേര് | TURN |
|---|---|---|---|
| 1 | ഡയറ്റ്, തിരുവല്ല, പത്തനംതിട്ട | **ARUNIMA A R**<br>KICHU BHAVAN<br>MANKULAM<br>THIRUVANANTHAPURAM<br>ALIYADU P O VENJARAMOODU 695607<br><br>**(E/B/T-EZHAVA)** | **OC** Turn |
| 2 | രാജീവ് ഗാന്ധി മെമ്മോറിയൽ ഗവ ആർട്സ് & സയൻസ് കോളേജ്, പാലക്കാട് | **ASHIDA K**<br>KURUNGATTIL HOUSE<br>PUTTEKKAD, FEROKE KOZHIKODE 673631<br><br>(**MAPPILA**) | **BC** Turn |
| 3 | ഗവ . ആർട്സ് & സയൻസ് കോളേജ്, ഇലന്തൂർ, പത്തനംത്തിട്ട | **PRIYA K**<br>3/311<br>PALAKKAD<br>678005<br>PALAKKAD<br><br>**Communication Address**<br><br>PRIYAMANASAM<br>KAREKKAD<br>KARINGARAPULLY<br>PALAKKAD-678551 | **OC** Turn |
| 4 | മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം | **SAI LEKSHMI K S**<br>SREE SAI, VP 2/1343,<br><br>SREE BHADRA GARDENS,<br>CHEELAPPARA, PEYAD P O<br>TRIVANDRUM<br>695573 | **B/T** Turn |

3) കൂടാതെ, ഈ നിയമനം ഉദ്യോഗാർത്ഥിയുടെ സ്വഭാവ പൂർവ്വ ചരിത്ര പരിശോധനാ റിപ്പോർട്ടിനും, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിശോധനാ റിപ്പോർട്ടിനും വിധേയമായിരിക്കും. സ്വഭാവ പൂർവ്വ ചരിത്ര പരിശോധനാ റിപ്പോർട്ടോ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിശോധനാ റിപ്പോർട്ടോ പ്രതികൂലമാകുന്ന പക്ഷം നിയമനം റദ്ദാക്കുന്നതായിരിക്കും.

4) നിലവിൽ ഉദ്യോഗാർത്ഥിയുടെ ജനന തീയതിയിൽ ഏതെങ്കിലും തരത്തിലുള്ള അപാകത നിലനിൽക്കുന്നുണ്ടെങ്കിൽ സർവ്വീസിൽ പ്രവേശിച്ച് 5 വർഷത്തിനകം ആയത് തിരുത്തി കിട്ടുന്നതിനുള്ള അപേക്ഷ ഉചിത മാർഗ്ഗേണ 30/12/1991-ലെ സ.ഉ.(പി) നം.45/1991/പി&എ.ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ടതാണ്. കൂടാതെ കമ്മ്യൂണിറ്റി, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ബാധ്യസ്ഥനാണെങ്കിൽ പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ അസ്സൽ ഹാജരാക്കേണ്ടതാണ്.

5) ഈ ഉത്തരവ് പ്രകാരം സർവ്വീസിൽ പ്രവേശിക്കുന്നയാൾക്ക് 07/01/2013-ലെ സ.ഉ.(പി) നം. 20/2013/ധന. നം ഉത്തരവ് പ്രകാരം നാഷണൽ പെൻഷൻ സ്കീം ബാധകമായിരിക്കും. 07/05/2013-ലെ സ.ഉ(പി)നം.209/2013/ധന. ഉത്തരവ് പ്രകാരം 01/04/2013-ന് മുൻപ് സംസ്ഥാനത്തെ സർക്കാർ വകുപ്പിൽ ഏതെങ്കിലും തസ്തികയിൽ നിയമിക്കപ്പെടുകയും തുടർന്ന് 01/04/2013-ന് ശേഷം മറ്റൊരു വകുപ്പിൽ നിയമനം ലഭിക്കുന്നവർക്കും 14/07/2014-ലെ സ.ഉ.(പി) നം.279/2014/ധന. നമ്പർ ഉത്തരവ് പ്രകാരം 01/04/2013-ന് മുൻപ് കെ.എസ്.ആർ. ഭാഗം III പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിരുന്ന സർക്കാർ/പൊതുമേഖല/എയ്ഡഡ്/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പിന്നീട് പുതിയ ജോലിയിൽ പ്രവേശിക്കുന്ന സമയത്തും 04/07/2015-ലെ സ.ഉ.(പി) നം. 65/2015/ധന. സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമായി പുതിയ ജോലിയിൽ പ്രവേശിക്കുമ്പോൾ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ആനുകൂല്യത്തിന് ഉദ്യോഗാർത്ഥിയ്ക്ക് അർഹതയുണ്ടെങ്കിൽ മേൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ തന്നെ നിയമനാധികാരിക്ക് ഓപ്ഷൻ ഫോം സമർപ്പിക്കേണ്ടതാണ്.

6) ഈ തസ്തികയിലേക്കുള്ള നിയമനം ഒരു പൊതു ലിസ്റ്റിൽ നിന്ന് ആയതിനാൽ, നിയമന ശിപാർശ ലഭിച്ച തസ്തികയിൽ ഒഴിവില്ലാത്ത കാരണത്താൽ ഉദ്യോഗാർത്ഥിക്ക് പുറത്ത് പോകേണ്ട സാഹചര്യം വന്നാൽ, നിയമനത്തിനായി ശിപാർശ ചെയ്ത കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആസ്ഥാന ഓഫീസിൽ തന്നെ ടിയാൾക്ക് തന്റെ പേര് റീ-രജിസ്റ്റർ ചെയ്ത് പുനർനിയമന ശിപാർശ നേടാവുന്നതോ, ഏതു തസ്തികയിൽ നിന്നാണോ പുറത്ത് പോയത് ആ തസ്തികയിൽ പ്രൊബേഷണറായി തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആ വകുപ്പിൽ തന്നെ ഒഴിവ് വരുന്നതു വരെ കാത്തിരുന്ന് പുനർനിയമനം നേടാവുന്നതോ ആണ്.

**ഉദ്യോഗാർത്ഥിയെ ജോലിയിൽ** പ്രവേശിപ്പിക്കുന്ന **സ്ഥാപനമേധാവി താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്**

1. ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി വിദ്യാഭ്യാസ യോഗ്യത, ജനന തീയതി മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതാണ്.
2. ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിച്ച തീയതി സർക്കാരിനെ അറിയിക്കേണ്ടതാണ്.
3. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ ഒപ്പും ഫോട്ടോയും ശരിയാണെന്ന് ബോധ്യപ്പെട്ടതായി രേഖപ്പെടുത്തി ഈ സർട്ടിഫിക്കറ്റിന്റെ മറുപുറത്ത് മതിയായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തിയും, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തിയും അയച്ചു തരേണ്ടതാണ്.
4. പോലീസ് വെരിഫിക്കേഷനും, പി.എസ്.സി. വെരിഫിക്കേഷനും അയച്ചു കൊടുക്കേണ്ടതായ പ്രൊഫോർമകൾ, വൺടൈം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യമായ രേഖകൾ സഹിതം സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. നോൺ ക്രീമിലെയർ/ജാതി ബാധകമാകുന്ന ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി അവരുടെ അസ്സൽ നോൺ ക്രീമിലെയർ /ജാതി സർട്ടിഫിക്കറ്റ് സ്ഥാപനമേധാവി പരിശോധിക്കേണ്ടതാണ്.
6. അനുവദിച്ചിട്ടുള്ള സമയപരിധിയ്ക്കുള്ളിൽ ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ ആ വിവരം ഉടനെ തന്നെ അസ്സൽ തിരിച്ചറിയൽ സർട്ടിഫിക്കറ്റ് സഹിതം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
7. ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന സമയപരിധി കഴിഞ്ഞശേഷം യാതൊരു കാരണവശാലും ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല.
8. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ അവർ ജോലിയിൽ പ്രവേശിച്ച് ഒരു മാസത്തിനകം അവരുടെ പി.എസ്.സി വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിൽ ആധാർ ലിങ്ക് ചെയ്യേണ്ടതും, ഇക്കാര്യം ബന്ധപ്പെട്ട നിയമനാധികാരികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
HARILAL T N
ജോയിന്റ് സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് (രജിസ്റ്റേർഡ് പോസ്റ്റ് മുഖേന).
സെക്രട്ടറി, കേരള പബ്ലിക് കമ്മീഷൻ, പട്ടം പി ഒ, തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)
പ്രിൻസിപ്പാൾ, ഡയറ്റ്, പത്തനംതിട്ട, തിരുവല്ല.
പ്രിൻസിപ്പാൾ, രാജീവ് ഗാന്ധി മെമ്മോറിയൽ ഗവ. ആർട്സ് & സയൻസ് കോളേജ്, പാലക്കാട്.
പ്രിൻസിപ്പാൾ, ഗവ. ആർട്സ് & സയൻസ് കോളേജ്, ഇലന്തൂർ, പത്തനംതിട്ട.
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
www.highereducation.kerala.gov.in
കരുതൽ ഫയൽ [HEDN-A3/35/2025-HEDN]

ഉത്തരവിൻ പ്രകാരം
**Signed by Omkumar H S**
**Date: 01-03-2026 23:59:11**
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ-യ്ക്ക്
ജോയിന്റ് സെക്രട്ടറിയുടെ സി എ-യ്ക്ക്